പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3476 — 16.12.2015 - ൽ മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിലെ താലോലം പദ്ധതി

ചോദ്യം

ശ്രീ. റ്റി.എ.അഹമ്മദ് കബീർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | താലോലം പദ്ധതിയെ കുറിച്ച് വിശദമാക്കുമോ ; | (എ) | കുടുംബ വാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സുവരെ പ്രായമുള്ള മാരക രോഗബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്തെ 18 ആശുപത്രികളിലൂടെ പൂർണ്ണമായ സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതി നാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് പദ്ധതിയിലൂടെ സഹായം ലഭ്യമാണ്. |
| (ബി) | മലപ്പുറം ജില്ലയിലെ ഏതെങ്കിലും ആശുപത്രികളിൽ താലോലം പദ്ധതി പ്രകാരം ചികിത്സ സൗജന്യമാക്കിയിട്ടുണ്ടോ ; | (ബി) യും (സി) യും | മലപ്പുറം ജില്ലയിലെ മഞ്ചേരി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയെ താലോലം പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ശിശു മരണ നിരക്ക് കൂടുതലുള്ള മലപ്പുറം ജില്ലയിലെ പ്രധാന സർക്കാർ ആശുപത്രി കളിൽ താലോലം പദ്ധതി പ്രകാരമുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ